# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 5331

05.07.2012-ൽ
മറുപടിക്ക്.

## ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കെ.എസ്.ഐ.ഡി.സിയും ചേർന്നുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്ജ്.<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ്. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കെ.എസ്.ഐ.ഡി.സിയും ചേർന്ന് പുതിയ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും കെ.എസ്.ഐ.ഡി.സിയും ചേർന്നുള്ള സംയുക്ത സംരംഭമായി കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി നിലവിൽ വന്നിട്ടുണ്ട്. ഈ കമ്പനിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ കമ്പനി നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പദ്ധതികൾ നഗര പ്രകൃതി വാതക വിതരണ പദ്ധതി, വിവിധ പ്രദേശങ്ങളിൽ ഉപഭോക്താക്കളിലേയ്ക്കുള്ള പ്രകൃതി വാതക വിതരണ പൈപ്പ്ലൈനുകൾ, വാഹനങ്ങൾക്കു വേണ്ട സി.എൻ.ജി. സ്റ്റേഷനുകൾ, ട്രയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രകൃതി വാതക ഉപകരണങ്ങളുടെ വില്പന, വികേന്ദ്രീകൃത വൈദ്യുതി ഉൽപ്പാദനം, ഒപ്റ്റിക്കൽ ഫൈബർ കേബിൾ സംവിധാനം തുടങ്ങിയവയാണ്. |

(സി) നടപ്പു സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

(സി) നടപ്പു സാമ്പത്തിക വർഷം ട്രയിനിങ്ങ് സെന്ററിന്റെ ഭാഗമായി പ്രകൃതി വാതക മേഖലയിൽ ഒരു പരിശീലന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നു. തുടക്കത്തിൽ കളമശ്ശേരിയിലുള്ള KIED ൽ പരിശീലന പരിപാടി നടത്തുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്. കൂടാതെ പാലക്കാടുള്ള ഇരുമ്പ് വ്യവസായികളുടെ സംഘടനയായ സ്റ്റീൽ മാനുഫാക്ചേഴ്സ് അസോസിയേഷനുമായി ചേർന്ന് ഒരു വൈദ്യുതി ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുവാനുള്ള പദ്ധതിയും പുരോഗമിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സിയുടെ ബസുകളിൽ സി.എൻ.ജി.നിറയ്ക്കുന്നതിനുവേണ്ടി സി.എൻ.ജി.സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ചർച്ചകളും നടന്നുവരികയാണ്. കൂടാതെ കിൻഫ്ര യിലേക്കും മറ്റു വ്യവസായ പാർക്കുകളിലേയ്ക്കും വാതകവിതരണ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ